**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .2620** **12.02.2019 ൽ മറുപടിയ്ക്ക്**

**കയ്യേറിയ വനഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൽദോസ്. പി. കുന്നപ്പിള്ളിൽ** | | അഡ്വ .കെ.രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| എ) | അനധികൃതമായി വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും അത് തിരിച്ച് പിടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | പുതുതായിട്ടുണ്ടാകുന്ന കയ്യേറ്റശ്രമങ്ങളെല്ലാം അപ്പപ്പോൾതന്നെ ഒഴിപ്പിച്ചുവരുന്നുണ്ട്. പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾതന്നെ തടയുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. 01.01.1977 നു ശേഷമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒ.പി. 18467/2002, 1947/2003 എന്നീ നമ്പർ കേസുകളിൽ 04.09.15 – ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കയ്യേറിയ ഭൂമിയിൽ നിന്നും കയ്യേറ്റക്കാർക്ക് സമയപരിധിവച്ച് ഒഴിഞ്ഞ് പോകാൻ നോട്ടീസുകൾ നൽകി വരുന്നു. എന്നാൽ തദ്ദേശിയ രാഷ്ട്രീയ, സാമുദായിക സംഘടനകളുടെയും കയ്യേറ്റക്കാരുടെയും സംഘടിതമായ ചെറുത്തുനിൽപിനെ തുടർന്ന് ഒഴിപ്പിക്കൽ നടപടികളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജി. ഒ. (എം.എസ്) നമ്പർ 69/2002/വനം തീയതി 08.11.2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ |

| | | | |
|---|---|---|---|
| | | | രണ്ട് പ്രാവശ്യം യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതേപോലെ തന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാർ ആയ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ (എം. എസ്) 15/03/വനം തീയതി 06.03.2003 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട് മേൽപടി കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്<br>വനഭൂമി കയ്യേറ്റം ചെറുക്കുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും വനാതിർത്തികളിൽ ജണ്ടകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കുകയും, നശിച്ചതും നിലവിലുള്ളതുമായവയുടെ അറ്റകുറ്റപണികൾ നടത്തിയും, നിരന്തരമായി അതിർത്തി പരിശോധനാ, പട്രോളിംഗ് എന്നിവ നടത്തിയും, കയ്യേറ്റശ്രമങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയും കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് കർശന നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. 2016-17 -ൽ 12,500 ജണ്ടകളും 2017-18 ൽ 14,416 ജണ്ടകളും നിർമ്മിച്ച് വനാതിർത്തികൾ വേർതിരിച്ചിട്ടുണ്ട് 01.04.2018 ൽ ഇപ്രകാരം ജണ്ടകൾ നിർമ്മിച്ച് വേർതിരിക്കുവാനുള്ള വനാതിർത്തിയുടെ നീളം ഉദ്ദേശം 2013 കി.മീ. ആണെന്ന് (ഉദ്ദേശം 45,060 ജണ്ടകൾ) തിട്ടപ്പെടുത്തിയിട്ടുണ്ട് 2018-19 സാമ്പത്തിക വർഷത്തിലും ഉദ്ദേശം 15,000 ജണ്ടകൾ നിർമ്മിച്ച് ഏകദേശം 700 കി.മീ വനാതിർത്തികൾ കൂടി വേർതിരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വനാതിർത്തികൾ വേർതിരിക്കുന്ന |

| | | | |
|---|---|---|---|
| | | | തിന് വന ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി 2016-17 മുതൽ 180 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേ പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ 30 പേരുടെ പരിശീലനം നടന്നു വരുന്നുമുണ്ട് |
| (ബി) | എത്ര ഹെക്ടർ വനഭൂമിയാണ് ഇപ്രകാരം സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുള്ളതെന്ന് ഡിവിഷൻ തിരിച്ച് അറിയിക്കുമോ; | ബി) | 31.03.2017 ലെ കണക്കുകൾ പ്രകാരം സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുള്ള, ഒഴിപ്പിക്കേണ്ട വനഭൂമിയുടെ ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ വനഭൂമി തിരിച്ച് പിടിക്കുവാൻ സാധിച്ചു; വിശദാംശം നൽകുമോ? | | പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ മണ്ണാർക്കാട് ഡിവിഷനിൽ 4.856 ഹെക്ടർ വനഭൂമി തിരിച്ചു പിടിച്ചു. കണ്ണൂർ നോർത്തേൺ സർക്കിളിന്റെ പരിധിയിൽപ്പെട്ട സൗത്ത് വയനാട് ഡിവിഷനിൽ 87.4214 ഹെക്ടർ, കോഴിക്കോട് ഡിവിഷനിൽ 10.107 ഹെക്ടർ, കണ്ണൂർ ഡിവിഷനിൽ 10.93 ഹെക്ടർ എന്നിവ തിരിച്ച് പിടിച്ചിട്ടുണ്ട് കോട്ടയം ഹൈറേഞ്ച് സർക്കിൾ പരിധിയിൽ കോതമംഗലം ഡിവിഷനിൽ 3.24 ഹെക്ടറും മൂന്നാർ ഡിവിഷനിൽ 0.5 ഹെക്ടറും ചേർത്ത് ആകെ 03.74 ഹെക്ടർ തിരിച്ചുപിടിച്ചിട്ടുണ്ട് വൈൽഡ് ലൈഫ്, പാലക്കാട് സർക്കിളിന്റെ പരിധിയിൽ വരുന്ന പീച്ചി ഡിവിഷനിൽ 1.214 ഹെക്ടർ വനഭൂമി തിരിച്ചു പിടിച്ചിട്ടുണ്ട്തൃശ്ശൂർ സെൻട്രൽ സർക്കിളിൽ തൃശ്ശൂർ വനം ഡിവിഷനിൽ 0.0234 ഹെക്ടർ വനഭൂമി തിരിച്ചു പിടിച്ചിട്ടുണ്ട് ഇപ്രകാരം സംസ്ഥാനത്താകെയായി 118.2918 ഹെക്ടർ വനഭൂമി തിരിച്ചുപിടിക്കാൻ സാധിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം .

| ക്രമ നം. | സർക്കിൾ | ഡിവിഷൻ | കയ്യേറ്റം ഒഴിപ്പിക്കേണ്ട വന വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | തെന്മല<br>കോന്നി<br>റാന്നി | 7.2360<br>10.5898<br>1.1310 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | കോട്ടയം<br>കോതമംഗലം<br>മൂന്നാർ<br>മാങ്കുളം | 121.4858<br>147.5961<br>1099.6528<br>358.4255 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | മലയാറ്റൂർ<br>തൃശ്ശൂർ | 129.2865<br>146.7703 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നെന്മാറ<br>പാലക്കാട്<br>മണ്ണാർക്കാട്<br>നിലമ്പൂർ നോർത്ത് | 244.1854<br>57.6554<br>2700.3351<br>682.5251 |
| 5 | നോർത്തേൺ സർക്കിൾ, കോഴിക്കോട് | വയനാട് നോർത്ത്<br>വയനാട് സൗത്ത്<br>കണ്ണൂർ | 171.9200<br>1201.4973<br>11.0240 |
| 6 | വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം | ഇടുക്കി<br>തേക്കടി | 5.0000<br>0.0061 |
| 7 | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.0155 |
| | | ആകെ. | 7289.3397 |

സെക്ഷൻ ഓഫീസർ